**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3082** **13-07-2022 - ൽ മറുപടിയ്ക്ക്**

**മുനമ്പത്ത് കടവ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുല്ലിപ്പുഴക്ക് കുറുകെയുള്ള മുനമ്പത്ത് കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ബജറ്റ് 2021-22 ലും 2022-23 ലും ഇരുമ്പോത്തിങ്ങൽ പാലം, മുദിയം കടവ്, മുനമ്പത്തുകടവ്, ആനങ്ങാടി ആർ.ഒ.ബി എന്നീ പാലങ്ങൾക്കെല്ലാം കൂടി 100 രൂപ ടോക്കൺ പ്രൊവിഷനായി പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. രണ്ടു ഭാഗത്തെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തിക്കു ആവശ്യമായ മണ്ണ് പര്യവേഷണ എസ്റ്റിമേറ്റിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായാൽ, പ്രവൃത്തിയുടെ മുൻഗണന ക്രമത്തിൽ ഡിസൈൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള ഭാവി പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | ബജറ്റിൽ പ്രൊവിഷനുള്ള പ്രവൃത്തി എന്ന നിലയിൽ മുനമ്പത്ത് കടവ് പാലത്തിന്റെ ഭരണാനുമതി നൽകുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | മുനമ്പത്ത് കടവ് പാലത്തിനും മറ്റു പാലങ്ങൾക്കുമായി 2022-23 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.<br><br>ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ